അമ്മേ ശരണം ദേവീ ശരണം



## കൊപ്പം ശ്രീ മണപ്പുള്ളി ഭഗവതി

# വേല

2024 / ഫെബ്രുവരി / 29 / വ്യാഴാഴ്ച്ച

2024 ഫെബ്രുവരി 23 മുതൽ മാർച്ച് 1 വരെ / 1199 കുംഭമാസം 10 മുതൽ 17 വരെ
വിവിധ കലാപരിപാടികളോടെ ആഘോഷിക്കുന്നു.

## നവീകരണകലശം/മഹാകുംഭാഭിഷേകം

2024 ഫെബ്രുവരി 14 മുതൽ 21 വരെ / 1199 കുംഭമാസം 1 മുതൽ 8 വരെ




SCAN & PAY

SBI Pay
BHIM UPI

UPI ID : KOPPAMSRIMANAPPULLYBHAGAVATHY@SBI
BRANCH NAME : **STATE BANK OF INDIA, PUTHUR-PALAKKAD.**
ACCOUNT NAME : **KOPPAM SRI MANAPPULLY BHAGAVATHY KSHETHRA KAMMITTI**
ACCOUNT NUMBER : **41648663547** IFSC : **SBIN0070723** MICR CODE : **678002910**


DRINKS, FOOD AND MUSIC
SEVEN
BRAWL
NEXT TO LIONS SCHOOL
OPEN AT
PALAKKAD
MAPLE ARCADE, PUTHUR ROAD, KOPPAM
PALAKKAD 678001



# ശ്രീ മണപ്പുള്ളി
## ദേവീ ധ്യാന ശ്ലോകം

അഞ്ജനാചല നിഭാ ത്രിലോചനാ
സേന്ദുഖണ്ഡ വിലസത് കപർദ്ദികാ
രക്തപട്ട പരിധായിനീ ചതുശ്
ചാരുദംഷ്ട്ര പരിശോഭിതാനനാ
ഹാരനൂപുര മഹാർഹ കുണ്ഡലാദ്
ഉജ്ജ്വലാ ഘുസൃണ രഞ്ജിതസ്തനാ
പ്രേത രൂഢ ഗുണസത് കപാലിനീ
ഖഡ്ഗ ചർമ്മ ഭൃദിഹാസ്ത ഭൈരവി

സമ്പാദക ഡോ: ഉമാ സംഗമേശ്വരൻ

koppamsrimanapullybhagavathyte@gmail.com
www.srimanapullybhagavathytemplekoppam.com

# Nakshathra

Veg & Non Veg

*The real taste makers...!!*

## OUT DOOR CATERING SERVICE & EVENT MANAGEMENT

**KALLEPULLY, PALAKKAD**

**Phone : 9249958782, 9947105972 Whatsapp No.7559911333**

Web : www.nakshathracatering.in Email : info@nakshathracatering.in

SPORTING FamilyReunions ClassReunions House SuperBowl Picnics Birthday Retirement HOUSE Employee Appreciation Fundraisers OUTDOOR PARTIES ArtShowings

Cocktail CORPORATE

Bridal PRIVATE GRADUATION BBQ's WEDDINGS WeddingReceptions Bachelorette WeddingRehearsals

Shower Anniversaries Bachelor SOCIAL EVENTS GrandOpenings Office Company CONFERENCES

Parties



സർവ്വമംഗള മംഗല്ല്യേ
ശിവേ സർവ്വാർത്ഥ സാധികേ
ശരണ്യേ ത്ര്യംബകേ ഗൗരി
നാരായണി നമോസ്തുതേ



# നവീകരണകലശം
## (മഹാകുംഭാഭിഷേകം)

ധന്യാത്മൻ,

കൊപ്പം ശ്രീ മണപ്പുള്ളി ഭഗവതി ക്ഷേത്രത്തിലെ നവീകരണകലശം (മഹാകുംഭാഭിഷേകം) 1199 കുംഭമാസം 1-ാം തിയതി മുതൽ 8-ാം തിയതി വരെ (14.2.2024 മുതൽ 21.2.2024 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഒരു പൗഷ്ടിക കർമ്മമെന്ന നിലയിൽ നടത്തുന്ന ഈ ചടങ്ങുകൾ ദേവിചൈതന്യ വർദ്ധനവും അതുവഴി സമൂഹനന്മയും, ഭക്തജനങ്ങൾക്ക് കൃപാകടാക്ഷങ്ങളും പ്രദാനം ചെയ്യുന്നതാണ്. നമ്മുടെ മഹദ് ഗ്രന്ഥങ്ങളായ ശ്രീ മഹാഭാഗവതം, വാമനപുരാണം, അഗ്നിപുരാണം, സ്കന്ദപുരാണം, പത്മപുരാണം എന്നിവയിൽ ക്ഷേത്രനിർമ്മാണം, നവീകരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളികളാകുന്നവർക്ക് ഏഴേഴു ജന്മങ്ങളിലുണ്ടായ പാപ നിവൃത്തി, പിതൃജനങ്ങൾക്ക് മോക്ഷപ്രാപ്തി, കോടിയജ്ഞങ്ങൾ ചെയ്താലുണ്ടാവുന്ന പുണ്യം, സന്തതി പരമ്പരകൾക്ക് ഐശ്വര്യ ധനാഭിവൃദ്ധികൾ എന്നിവ ലഭ്യമാകുമെന്ന് വിവരിക്കുന്നുണ്ട്.




Sleepwell

## വീടിന്റെ പ്ലാൻ

തീരുമാനിക്കുമ്പോൾ തന്നെ...

ഒരു കാര്യത്തിൽ കൂടി തീരുമാനമായി

**കിടക്ക Sleepwell തന്നെ**




# SLEEP ZONE

PROUD BNI MEMBER

**EXCLUSIVE SLEEPWELL MATTRESS SHOWROOM**

12/751(4) KALMANDAPAM, CALICUT BYPASS, NEAR RAKE SH MARBLES, PALAKKAD

**PH: 9995070801**

## കാര്യപരിപാടികൾ

| | |
|---|---|
| 14.02.2024 വൈകുന്നേരം | : ആചാര്യ വരണം, മുളയിടൽ, പ്രസാദശുദ്ധി , രക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തുകലശം, വാസ്തുബലി |
| 15.02.2024 രാവിലെ | : ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, ചതുശ്ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, ബിംബശുദ്ധി, കലശാഭിഷേകം, ദ്വാരപ്രായശ്ചിത്തഹോമം, അഭിഷേകം, ഉച്ചപൂജ |
| 15.02.2024 വൈകുന്നേരം | : മുളപൂജ, ഭഗവതിസേവ, അത്താഴപൂജ |
| 16.02.2024 രാവിലെ | : ഗണപതി ഹോമം, ഉഷഃപൂജ, മുളപൂജ, ശാന്തി ഹോമം, അത്ഭുതശാന്തിഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ |
| 16.02.2024 വെകുന്നേരം | : മുളപൂജ, ഭഗവതിസേവ, അത്താഴപൂജ |
| 17.02.2024 രാവിലെ | : ഗണപതി ഹോമം, ഉഷഃപൂജ, മുളപൂജ, ശ്വശാന്തിഹോമം, ചോരശാന്തിഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ |
| 17.02.2024 വൈകുന്നേരം | : മുളപൂജ, ഭഗവതിസേവ, അത്താഴപൂജ |
| 18.02.2024 രാവിലെ | : ഗണപതി ഹോമം, ഉഷഃപൂജ, മുളപൂജ, തത്ത്വഹോമം, തത്ത്വകലശാഭിഷേകം, ഉച്ചപൂജ |
| 18.02.2024 വൈകുന്നേരം | : മുളപൂജ, അനുജ്ഞാ കലശപൂജ, അധിവാസഹോമം, അത്താഴപൂജ, കലശാധിവാസം |
| 19.02.2024 രാവിലെ | : മുളപൂജ, ഉഷഃപൂജ, അനുജ്ഞാ കലശാഭിഷേകം, ഉച്ചപൂജ |
| 19.02.2024 വൈകുന്നേരം | : മുളപൂജ, ഭഗവതിസേവ, അനുജ്ഞാ പ്രാർത്ഥന, അത്താഴപൂജ |
| 20.02.2024 രാവിലെ | : ഗണപതിഹോമം, മുളപൂജ, ഉഷഃപൂജ, സംഹാരതത്ത്വഹോമം, ശിരതത്ത്വഹോമം, നിദ്രാകലശപൂജ, ശയ്യാപൂജ, സംഹാരതത്ത്വകലശാഭിഷേകം, സങ്കോചക്രിയ, ജീവകലശപൂജ, ജീവോദ്വാസനം, ജീവകലശം ശയ്യയിലേക്ക് എഴുന്നെള്ളിക്കൽ |


www.ithihasgroup.com
Kerala Tourism Accredited Tour Operator
kerala
God's Own Country
AKTPA
യാത്രകൾ
ഏതുമാവട്ടെ...
കേരളം ടൂറിസത്തിന്റെ
അക്രെഡിറ്റഡ് ടൂർ ഓപ്പറേറ്റർ
അംഗീകാരമുള്ള
പാലക്കാട്ടെ
ഏക സ്ഥാപനം
ഇതിഹാസ്
TOURS & TRAVELS
PALAKKAD • OTTAPALAM • MALAPPURAM
Second Floor, Elante, Calicut Bypass Road, Palakkad - 678001.
Contact : 9072233000, 9656433000, 9072633000


കുട്ടീസ്
തിന്നാനും.. കുടിക്കാനും..
calicut bypass road, palakkad.
Ph: 90722 33000 | 73066 00456

20.02.2024 വൈകുന്നേരം : മണ്ഡലപൂജ, അധിവാസഹോമം, ധ്യാനാധിവാസം, പ്രസാദാധിവാസം, കലശാധിവാസം

21.02.2024 രാവിലെ : ഗണപതിഹോമം, ഉഷഃപൂജ, പ്രസാദ പ്രതിഷ്ഠ, കലശം എഴുന്നെള്ളിക്കൽ, പീഠ പ്രതിഷ്ഠ, ദേവി പ്രതിഷ്ഠ, ജീവകലശാഭിഷേകം, അഷ്ടബന്ധനക്രിയ, ഉച്ചപൂജ, പ്രതിഷ്ഠാദക്ഷിണ

ക്ഷേത്രത്തിൽ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്ന വിവരം എല്ലാ ഭക്തജനങ്ങളെയും അറിയിക്കുന്നു. ശ്രീ മഹാ ഭാഗവതം, വാമനപുരാണം, അഗ്നിപുരാണം,സ്കന്ദപുരാണം, പത്മപുരാണം തുടങ്ങിയ മഹദ്ഗ്രന്ഥങ്ങളിൽ ക്ഷേത്രനിർമാണം, നവീകരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളികളാകുന്ന വർക്ക് ഏഴേഴു ജന്മങ്ങളിലുണ്ടായ പാപ നിവൃത്തി, പിതൃ ജനങ്ങൾക്ക് മോക്ഷപ്രാപ്തി കോടി യജ്ഞങ്ങൾ ചെയ്താൽ ഉണ്ടാകുന്ന പുണ്യം സന്തതി പരമ്പരകൾക്ക് ഐശ്വര്യ ധനാഭിവൃദ്ധികൾ എന്നിവ ലഭ്യമാകുമെന്ന് വിവരിക്കുന്നുണ്ട്.

കൊപ്പം ശ്രീ മണപ്പുള്ളി ഭഗവതി ക്ഷേത്ര നവീകരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവാനും, കുംഭാഭിഷേക ചടങ്ങുകളിൽ പങ്കെടുക്കുവാനും എല്ലാ ഭക്തജനങ്ങളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

എന്ന്,
ക്ഷേത്ര കമ്മിറ്റി

## പ്രതിമാസ വിശേഷാൽ പൂജകളുടെ 2024 – 25 വർഷത്തെ വിവരങ്ങൾ

| ക്രമ നമ്പർ | പൂജാ വിവരങ്ങൾ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സങ്കടഹരചതുർത്ഥി | 29 | 28 | 28 | 27 | 26 | 25 | 24 | 22 | 21 | 20 | 18 | 18 |
| | ആയില്യപൂജ നാഗങ്ങൾക്ക് | 27 | 23 | 21 | 17 | 15 | 11 | 8 | 5 | 1&28 | 26 | 22 | 19 |
| | വിളക്ക്പൂജ മുപ്പെട്ട് വെള്ളിയാഴ്ചകളിൽ | 19 | 16 | 15 | 19 | 17 | 21 | 19 | 23 | 20 | 18 | 22 | 20 |

**എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 5.30ന് ക്ഷേത്രാങ്കണത്തിൽ ലളിതാ സഹസ്രനാമ പാരായണം ഉണ്ടായിരിക്കുന്നതാണ്**

### 2024 ലെ മറ്റു ആഘോഷങ്ങൾ

1. 21.02.2024 (1199 കുംഭം 8) കുംഭാഭിഷേകം
2. 14.04.2024 (1199 മേടം 1 ) വിഷു
3. 07.09.2024 (1200 ചിങ്ങം 22) വിനായക ചതുർത്ഥി
4. 28.09.2024 (1200 കന്നി 12) പുള്ളുവൻപാട്ട്
5. 04.10.2024 – 13.10.2024 (1200 കന്നി 18 മുതൽ 27 വരെ) നവരാത്രി പൂജകൾ
6. 13.12.2024 (1200 വൃശ്ചികം 28) കാർത്തിക വിളക്ക്
7. 16.12.2024 (1200 ധനു 1) തിരുവാതിര
8. മാരിയമ്മൻപൂജ


PALAKKAD DISTRICT KUNG-FU ASSOCIATION
K.V. JOHNSON'S ALL INDIA
CHINESE KUNG-FU
INTERNATIONAL SHAOLIN MARTIAL ARTS ASSOCIATION INDIA
SHAOLIN MARTIAL ARTS ACADAMY INDIA, REG.1213, ALL KERALA CHINESE KUNG-FU.
REG- R 975. PKD-REG. NO : CA/142/2019
ചൈനീസ് കുങ് ഫു
GRAND MASTER : K.V. JOHNSON
8TH DAN BLACK BELT KUNG-FU, 6TH DAN BLACK BELT KARATE
3RD DAN BLACK BELT KOBUDO
INSTRUCTOR : SASI KUMAR
5TH DAN BLACK BELT KUNG-FU, 3RD DAN BLACK BELT KARATE
CONTACT US
+919496962949

# നവീകരണ കലശക്രിയകളുടെ വിശദീകരണം

## ആചാര്യവരണം

ദേവ ചൈതന്യത്തിന് ഉണ്ടായിട്ടുള്ള ചൈതന്യഹാനി തീർത്ത്, സമസ്ത ലോകശ്രേയസ്സാകുന്ന നവീകരണ കലശം നടത്തി തരുവാൻ ക്ഷേത്രേശനും ജനങ്ങളും ആചാര്യനോട് അപേക്ഷിക്കുന്നു. ദേവാഗ്രമണ്ഡപത്തിൽ വെച്ച് സ്വർണ്ണവും പവിത്രവും ദ്രവ്യ വസ്ത്ര താംബൂലാദികളും സമർപ്പിച്ച് ഈ ക്രിയ ചെയ്യുന്നു. നവീകരണ കലശത്തിന് ആവശ്യമായ എല്ലാ സാധന സാമഗ്രികളും യഥാസമയം നൽകിക്കൊള്ളാമെന്ന് ക്ഷേത്രേശാദികളും ഇവയെ ഉപയോഗിച്ച് കലശം വിധി പ്രകാരം നിർവ്വഹിച്ചുകൊള്ളാം എന്ന് ആചാര്യനും, ദേവസന്നിധിയിൽ പ്രതിജ്ഞയെടുത്ത് ദേവപ്രദക്ഷിണം ചെയ്ത് നമസ്ക്കരിക്കുന്നു. എല്ലാ ഭക്തജനങ്ങളും ഈ സമയത്ത് ക്ഷേത്രത്തിൽ സന്നിഹിതരായിരിക്കണം.

## അങ്കുരാർപ്പണം (മുളയിടൽ)

വൈകുന്നേരം ആചാര്യ വരണത്തിനു ശേഷം മുളയിടുന്നു. വിവിധ തരത്തിലുള്ള വിത്തുകൾ, പതിനാറ് പാലികകളിൽ വീതം മന്ത്രപുരസ്സരം സമർപ്പിച്ച് നനച്ച് വളർത്തിയെടുക്കുന്നതാണ് ബീജാരോപണക്രിയ

## മുള ദ്രവ്യങ്ങൾ

ഇതിനുപയോഗിക്കുന്ന ഓരോ വിത്തും ഓരോ ദേവതാ പ്രാധാന്യമുള്ളവയാണ്. ഔഷധിയുടെ നായകനായ സോമന്റെ ഷോഢശ (പതിനാറ്) കലകളെയാണ് മുളകാമ്പിലകൾ ഓരോന്നും പ്രതിനിധീകരിക്കുന്നത്. ദേവ ചൈതന്യം ഉൾക്കൊള്ളുന്ന ജീവകലശാദികൾ എഴുന്നള്ളിച്ചു വെയ്ക്കുന്നതിന്റെ ചുറ്റുമായി അമൃതസ്വരൂപിയായ സോമനെ പ്രതിനിധാനം ചെയ്യുന്ന മുളക്കാമ്പാലികകൾ വെയ്ക്കുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട്, ദേവന്റെ മാലിന്യം തീർത്ത് അമൃതത്തിലേക്ക് നയിക്കുകയാണ്. ബീജാധിദേവന്മാരുടെ ചൈതന്യം പകർന്ന് നൽകുന്ന ഈ ക്രിയ കലശം, ഉത്സവം എന്നീ അവസരങ്ങളിൽ വളരെ പ്രാധാന്യമുള്ളതാണ്.

## പ്രാസാദശുദ്ധി

പരം, സൂക്ഷ്മം, സ്ഥലം എന്നീ അവസ്ഥാവിശേഷങ്ങളിലാണ് ദേവന്റെ അസ്ഥിത്വം നില നില്ക്കുന്നത്. പരം ചൈതന്യാവസ്ഥയും, സൂക്ഷ്മം ബിംബോപാധിയും, സ്ഥലം ദേവശരീരമാക്കുന്ന ക്ഷേത്രവുമാണ്. ഇവ എപ്പോഴും ശുദ്ധമായിരിക്കേതാണ്, പ്രാസാദ ശുദ്ധി സ്ഥല ഭാവത്തെ അഥവാ ദേവ ശരീരത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയകളാണ്. ദേവ ശരീരത്തെ ബാധിച്ചിരിക്കുന്ന നൂനതകളെ മുഷ്ടി കൊണ്ട് അടിച്ചു കളഞ്ഞ്, പഞ്ചഗവ്യാദികൾ കൊണ്ട് തളിച്ചു ശുദ്ധമാക്കുന്നു.
ആയതിനു ശേഷം ദേവന്റെ അധിഷ്ഠാനമായ ശക്തി സ്വരൂപമായ പ്രാസാദത്തെ പൂജിച്ച് പ്രാസാദ ശുദ്ധി ചെയ്യുന്നു.

## രക്ഷോഘ്ന വാസ്തു ഹോമങ്ങൾ, വാസ്തുബലി, വാസ്തുകലശ പൂജ

ദേവനെ ബാധിച്ചിരിക്കുന്ന രാക്ഷസീയ ഭാവങ്ങളെ നശിപ്പിക്കുന്നതിന് രക്ഷോഘ്ന ഹോമം നടത്തുന്നു. വാസ്തു സംബന്ധമായിട്ടുള്ള ഹോമങ്ങൾ നിർവ്വഹിക്കുന്നതിന് വാസ്തു ഹോമവും, വാസ്തുബലിയും നടത്തുന്നു. വാസ്തു കലശം പൂജിച്ച് അഭിഷേകം ചെയ്തു വാസ്തു പുണ്യാഹം നടത്തി ഒന്നാം ദിവസത്തെ ക്രിയകൾ പൂർത്തിയാക്കുന്നു.




TR GROUP
RAKESH®
MARBLE & GRANITE
CERAMIC | SANITARYWARE

Calicut Bypass Road, Kalmandapam, Palakkad, Kerala
0491 2544882 / 0491 2545672 | rakeshmarble@gmail.com
www.rakeshmarble.in
— follow us —

## ബിംബശുദ്ധി (കലശപൂജകളും, അഭിഷേകവും)

ശൂക്ഷ്മോപാധിയായ ബിംബത്തെ ശുദ്ധീകരിക്കുന്ന ക്രിയകളാണ് രണ്ടാം ദിവസം രാവിലെ നടത്തുന്നത്.അതുകൊണ്ട് ഇവയെ ബിംബശുദ്ധി കലശങ്ങൾ എന്ന് പറയുന്നു. അവ ചതു ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം എന്നിവയാകുന്നു.

## ചതു:ശുദ്ധി

നാൽപ്പാമരം, പുറ്റുമണ്ണ്, മുതലായ ദ്രവ്യങ്ങൾ നിറച്ച് പൂജിക്കുന്ന നാലു കലശങ്ങളെ അഭിഷേകം ചെയ്തു ബിംബാഗതമായിരിക്കുന്ന മാലിന്യങ്ങളെ ലൗകീക ന്യായേന തേച്ചു കഴുകി വൃത്തിയാക്കുക.

## ധാര

ദേവശിരസ്സാകുന്ന സഹസ്രാരപത്മത്തിൽ മന്ത്രമായിരിക്കുന്ന ജലധാര ചെയ്യുന്ന ക്രിയയാണ് ധാര. ഈ ജലധാര ദേവശിരസ്സിൽ നിന്ന് സകല നാഡീസമൂഹങ്ങളിലേക്കും ഒഴുകിയെത്തി, മന്ത്ര ശുദ്ധി വരുത്തുന്നു. നാലു വേദങ്ങളും, സപ്തശുദ്ധി മുതലായ വിവിധ സൂക്തങ്ങൾ എന്നിവയാണ് ധാരക്കു വേണ്ടി ജപിക്കുന്നത്.

## പഞ്ചഗവ്യം

പഞ്ചഗവ്യം അഭിഷേകം ചെയ്യപ്പെടുന്നതിലൂടെ പഞ്ചഭുത ഗുണങ്ങളായ ശബ്ദ സ്പർശ രൂപരസ ഗന്ധങ്ങളുടെ ഗുണ വിശേഷങ്ങളും ബിംബ ബിംബോപാധിയിൽ പുന സൃഷ്ടിക്കപ്പെടുന്നു. 'ബിംബശുദ്ധീകരണവും ഇതിലൂടെ സാധ്യമാകുന്നു.

## പഞ്ചകം

തത്വങ്ങൾ കൊണ്ടാണ് ദേവചൈതന്യം സൃഷ്ടിക്കപ്പെടുന്നതും, നിലനിൽക്കുന്നതും തത്ത്വങ്ങളിൽ പരമപ്രധാങ്ങളായ പഞ്ചതത്ത്വങ്ങളാൽ അഞ്ച് കലശങ്ങൾ നിറക്കപ്പെട്ട് പൂജിക്കപ്പെടുന്നു. പഞ്ചകാഭിഷേകത്തിൽ കൂടി ദേവന് തത്ത്വപൂർത്തി സംഭവിക്കുന്നു.

## ദ്വാര പ്രായശ്ചിത്ത ഹോമം

രാവിലെ പ്രായശ്ചിത്ത ഹോമം നടത്തുന്നു. ദേവനിൽ വന്നേക്കാവുന്ന ജ്ഞാതാ ജ്ഞാതങ്ങളായ സമസ്ത ദോഷങ്ങളുടേയും പരിഹാരത്തിനായ് പ്രായശ്ചിത്ത ഹോമം നടത്തുന്നു. അഗ്നിജനനം ചെയ്ത് ദേവസ്വരൂപമാക്കിത്തീർത്ത് കുണ്ഡങ്ങളിൽ വിവിധ ഹോമ ദ്രവ്യങ്ങൾ സമർപ്പിച്ച്, ഹോമശിഷ്ട സമ്പാദം കലശത്തിൽ നിറച്ച് ഹോമ കലശങ്ങൾ പുജിക്കുന്നു.
ഈ കലശാഭിഷേകം മൂലം ഹോമ ജന്യഫലങ്ങൾ ദേവനിൽ സംക്രമിക്കപ്പെടുന്നു.

## ശാന്തിഹോമങ്ങളും, കലശാഭിഷേകവും

ഓരോ ദേവന്മാർക്കും പ്രത്യേകം പ്രത്യേകം വിധമായിട്ടുള്ളതാണ് ശാന്തിഹോമം, ദേവ ചൈതന്യത്തിന്റെ ബാഹ്യാഭ്യന്തര ശുദ്ധിക്കായി ഈ ഹോമം നടത്തുന്നു.


Plakkal
100FT ROAD, C.N. PURAM P.O, MATTUMANTHA, PALAKKAD
EARTH MOVERS
CEMENT SOLID BRICKS
AUTHORISED CEMENT DEALERS
BUILDING MATERIALS SUPPLIERS
PAVING TILES & INTERLOCK BLOCKS
MRF TYRES EXCLUSIVE DEALERS
Ph : 0491 - 2953346
Mob: 9846133346 | 9846933346 | 9846333463 | 9846573346 | 9745251700
Email :plakkalmaterials@gmail.com

## ചോരശാന്തി ഹോമം

ക്ഷേത്രത്തിൽ ചോര പ്രവേശം ഉണ്ടായാൽ ചെയ്യേണ്ടതാണ്. ഇത് മനസ്സിൽ ആസക്തിയോടുകൂടി പ്രവേശിക്കുന്ന കള്ളന്റെയും, ഹിംസാക്രാന്തമായ ക്രൂരമൃഗങ്ങളുടെയും മനോഭാവം ദേവന്റെ സൂക്ഷ്മവും, ശുദ്ധവുമായ ഭാവത്തിന് കളങ്കം ഏല്പിക്കുന്നു. ഇതുമൂലം ദേവന്റെ നിഗ്രഹാനുഗ്രഹ ശക്തികളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു. അപ്പോൾ ദേവന് ഈശ്വരീയ വൃത്തികൾ ചെയ്യുവാൻ സാധിക്കാതെ വരുന്നു. ഈ ദോഷങ്ങളുടെ പരിഹാരമായിട്ടാണ് ചോരശാന്തി ഹോമം നടത്തുന്നത്.

## ശ്വാശാന്തി ഹോമം (നായ ശാന്തി)

നായ, കഴുകൻ, മൂങ്ങ, ചേര എന്നീ ക്ഷുദ്ര ജീവികൾ പ്രവേശിച്ചാൽ ദോഷം സംഭവിക്കുന്നു. ഈ ദോഷ പരിഹാരാർത്ഥമായിട്ടാണ് ശ്വാശാന്തി ഹോമം നടത്തുന്നത്.

## അത്ഭുത ശാന്തി ഹോമം

ദേവനിൽ അത്ഭുത പ്രതിഭാസങ്ങൾ സംഭവിക്കുന്നതും ദോഷജനകമാണ്. ദേവൻ ചിരിക്കുന്നതായും, കരയുന്നതായും, വിയർക്കുന്നതായും മറ്റും തോന്നുത്തതാണ് അത്ഭുത പ്രതിഭാസങ്ങൾ. ഇത്തരം ദോഷം ഇല്ലാതാക്കുന്നതിനാണ് അത്ഭുത ശാന്തി ഹോമം നടത്തുന്നത്. ദേവന്റെ സൂക്ഷ്മ സ്വഭാവങ്ങളെ പുന രുജ്ജീവിപ്പിച്ച് സന്തുലിതമാക്കുകയാണ് പ്രായശ്ചിത്തം മുതൽക്കുള്ള വിവിധ ഹോമങ്ങളുടെ ലക്ഷ്യം. തത്വകലശാഭിഷേകങ്ങളിലൂടെ ഈ ലക്ഷ്യം നിറവേറ്റപ്പെടുന്നു.

## തത്ത്വഹോമം

നിരാകാരമായിരിക്കുന്ന ശുദ്ധ ചൈതന്യത്തെ ശരീരമായി കല്പ്പിക്കുന്നതാണ് ദേവപ്രതിഷ്ഠ. ശരീരത്തിന്റെ ഉപാധികളായിരിക്കുന്ന പഞ്ചഭൂതങ്ങളുടെയും കർമ്മേന്ദ്രീയ ജ്ഞാനേന്ദ്രിയങ്ങളുടെയും, പഞ്ചതന്മാത്രകളുടെയും, സൂക്ഷ്മങ്ങളായ മനസ്സ്, ബുദ്ധി, അഹങ്കാരം ഇവകളുടെയും ശരിയായ സമ്മേളനമാണ് ഇത്. ഈ അവസ്ഥയിൽ മാത്രമെ ശരീരപൂർത്തി വരുന്നുള്ളു. ശരീരത്തിന്റെ പൂർത്തിയിലാണ് ജീവന്റെ നിലനില്പ് സംഭവിക്കുന്നത്. ദേവശരീരം തത്ത്വങ്ങളെക്കൊണ്ടാണ് സൃഷ്ടിക്കപ്പെടുന്നത്. തത്ത്വ ഹോമത്താൽ എല്ലാം തത്ത്വങ്ങളേയും പുന സൃഷ്ടിച്ച് ദേവന് അന്യൂനമായിരിക്കുന്ന ശരീരത്തെയും തദ്വാര ശരീരസ്ഥജീവനാകുന്ന ദേവചൈതന്യത്തെയും ശുദ്ധീകരിച്ച് പുഷ്ടിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദേവാഗ്രമണ്ഡപത്തിൽ അഗ്നിജനനം ചെയ്തത് ദേവശരീരമാക്കി തീർക്കുന്ന അഗ്നിയിൽ തത്ത്വങ്ങളെ ആവർത്തിച്ച് ഹോമിച്ച്, ഹോമശിഷ്ട സമ്പാദം തത്ത്വങ്ങളെ ആവാഹിച്ച് പൂജിച്ചിരിക്കുന്ന തത്ത്വകലശത്തിൽ ചേർത്ത് ദേവന് അഭിഷേകം ചെയ്യുന്നു. വാദ്യ വിശേഷമായതും വളരെ ഭക്തിയോടുകൂടി കൈകാര്യം ചെയ്യേണ്ടതുമായ വലിയ പാണി കൊട്ടി ദേവതാഹ്വാനം ചെയ്തതിന് ശേഷമാണ് തത്ത്വകലശാഭിഷേകം ചെയ്യുന്നത്. അഭിഷേക സമയത്ത് ദർശനം നടത്തുകയും, കാണിക്ക സമർപ്പിക്കുന്നതും ഉത്തമമാണ്. വൈകുന്നേരം ബ്രഹ്മകലശ പൂജ നടത്തുന്നതിനുള്ള കലശമണ്ഡപം ഈ സമയത്ത് സ്ഥലശുദ്ധി ചെയ്ത് പത്മലേഖനം ചെയ്ത് ഒരുക്കുന്നു.

## സംഹാരതത്ത്വ ഹോമം

ഉൽപ്പത്തിക്ക് കാരണമായിട്ടുള്ള തത്ത്വങ്ങളെ സംഹരിച്ച് ദേവനെ കേവലം ചൈതന്യാവസ്ഥയിലേക്ക് നയിക്കുന്നതാണ് ഈ ക്രിയ. ദേവാഗ്ര മണ്ഡപത്തിൽ ദേവന്റെ ഊർദ്ധമുഖ നാഡിയായ ഇഡയുടെ സ്ഥാനത്ത് കുണ്ഡം നിർമ്മിച്ച് അഗ്നിജനനം ചെയ്ത് ദേവസ്വരൂപം ഉണ്ടാക്കിയ അഗ്നിയെ ജ്വലിപ്പിച്ച്, ദേവനാഡിയും കുണ്ഡത്തിലെ നാഡിയും നാഡീസന്ധാനം യോജിപ്പിച്ച് എല്ലാ തത്ത്വങ്ങളെയും സംഹാര ക്രമത്തിൽ ആവർത്തിച്ച് ഹോമിക്കുന്നു. ഹോമശിഷ്ടസമ്പാദം പൂജിച്ചിരിക്കുന്ന സംഹാര തത്ത്വകലശത്തിൽ ചേർക്കുന്നു. സംഹാര ക്രമത്തിൽ പാണി കൊട്ടിയതിന് ശേഷം കലശം ശ്രീകോവിലിന് ഉള്ളിലേക്ക് എഴുന്നള്ളിക്കുന്നു. അതിനുശേഷം വിപ്രാജ്ഞ വാങ്ങി ധ്യാനസങ്കോചം ചെയ്യുന്നു. ദേവാന്തർഭാഗത്തുള്ള ചൈതന്യത്തെ എല്ലാ പരിവാരങ്ങളോടും കുടി ക്രമത്തിൽ സംഹരിച്ച് ബിംബ ഹൃദയത്തിങ്കൽ സംയോജിപ്പിക്കുന്നു. തുടർന്ന് സംഹാരതത്ത്വകലശം അഭിഷേകം ചെയ്യുന്നതോടെ ദേവചൈതന്യം, അംഗുഷ്ഠമാത്രതേജസ്സോടുകൂടി, ചിച്ഛാത്രനായ, അത്യധികം ശോഭിച്ചുകൊണ്ടിരിക്കുന്ന ദീപനാളം പോലെ ദേവഹൃദയത്തിൽ ശോഭിക്കുന്നു.

*The Nation needs you... we train you...*

# SS ACADEMY

(An ISO 9001: 2015 certified institution)

Near Head Post Office, M5 2nd Floor, Palakkad
Web : www.ssacademypalakkad.in

## നിങ്ങൾക്കും കേന്ദ്രസേനയിൽ ജോലി നേടാം

**AFCAT, NDA, CDSE, ARMY, NAVY, AIR FORCE, POLICE, SSC, UPSC, DELHI POLICE, SSB & RAILWAYS**

മറ്റെങ്ങും ഇവരെപ്പോലെ
സ്തുത്യർഹമായ വിജയം കൈവരിച്ചവർ ഇല്ല



OUR PRIDE
**ANIRUDH PATTATHIL**
NDA 01/2020 WINNER



**ANJU S.THOLANUR**
NAVY SSR



**MAYA SAJEESH**
Women Military Police



**MEGHA MUKUNDAN, MALAMPUZHA**
AGNI VAYU WOMEN "GROUP Y"



**PRIYADARSHINI R DHONI**
Women Military Police



**ANJANA P**
Kadampazhipuram
INDIAN NAVY SSR

?

കേന്ദ്രസേനയിൽ 26000 ത്തിൽപരം ഒഴിവുകൾ. ഞങ്ങൾക്ക് ഉറപ്പുണ്ട് നിങ്ങൾക്കും കേന്ദ്രസേനയിൽ ജോലി നേടാം. 2023 ൽ നിയമനം ലഭിച്ച 50 പേരുൾപ്പടെ 500ഓളം പേർ SSC GD എഴുതുപരീക്ഷ വിജയിച്ച കേരളത്തിലെ ഏക സ്ഥാപനമായ SS അക്കാഡമിയിൽ ചേർന്ന് ഭാവി സുരക്ഷിതമാക്കാം. ഇത് കൂടാതെ 1800 ഇൽ അധികം പേർ ഇവിടെ നിന്നും ജോലിയിൽ പ്രവേശിച്ചു.

'റിസൽട്ട് ഇല്ലാതെ പരിശീലനം കൊണ്ട് എന്ത് പ്രയോജനം'

**9744600024 / 8593805163**

## ജീവകലശ പൂജ

ദേവാഗ്രഭാഗത്ത് പത്മമിട്ട് കലശം പൂജിച്ച്, അതിലേക്ക് ബിംബഹൃദയത്തിങ്കൽ പൂർവ്വോക്ത രീതിയിൽ വർത്തിക്കുന്നു. ഈ ചിന്മയ ചൈതന്യത്തെ ഷഢാവാഹനങ്ങളെ കൊണ്ടും ജീവാവാഹനങ്ങളെ കൊണ്ടും കലശത്തിങ്കലേക്ക് സംയോജിപ്പിക്കുന്നു. ഇപ്രകാരം ദേവ ചൈതന്യം ആവാഹിച്ചു വച്ചിരിക്കുന്ന കലശമായതിനാൽ അതിനെ ജീവകലശം എന്നു പറയുന്നു. ഈ അവസരത്തിൽ മണ്ഡപ നമസ്ക്കാരം ചെയ്തിരിക്കുന്ന സ്ഥലത്ത് കുംഭേശ, കർക്കരി പൂജകളും, അഗ്നി ജനനവും ചെയ്ത് ശയ്യാപത്മമിട്ട് പട്ടുകിടക്ക, വെള്ള, കരിമ്പടം, പാവുമുണ്ട് എന്നിവ വിരിച്ച് ഒരുക്കിയിരിക്കുന്ന ശയ്യയിൽ ദേവന്റെ അധിഷ്ഠാനമായ ശക്തിയെ പൂജിച്ച്, നിദ്രാകലശവും മറ്റും പൂജിച്ച്, അഷ്ടമംഗലങ്ങളും, ഉപഹാരങ്ങളും, മുളമ്പാലികകളും ചുറ്റും വെച്ച് വളരെ മനോഹരമായി അലങ്കരിച്ച് ശയ്യ ഒരുക്കുന്നു. ജീവകലശപൂജക്കു ശേഷം ആചാര്യൻ ജീവകലശം സ്വയമേവ ശിരസ്സിൽ വെച്ച് വാദ്യഘോഷങ്ങളോടുകൂടി പ്രാസാദ പ്രദക്ഷിണം ചെയ്ത് മണ്ഡപത്തിൽ ചെന്ന് പൂജിച്ചു വച്ചിരിക്കുന്ന ജീവകലശം ഉപചാരപൂർവ്വം ശയിപ്പിക്കുന്നു. ഈ സമയത്ത് ദർശനവും കാണിക്ക സമർപ്പണവും വളരെ പ്രാധാന്യമാണ്. ഈ ശയ്യയിലാണ് വൈകുന്നേരത്തെ ധ്യാനാധിവാസവും മറ്റും ചെയ്യുന്നത്. പിന്നീട് ബിംബം ഉയർത്തി നാളശോധന ചെയ്യുന്നു. സംഹാരതത്ത്വം തുടങ്ങി പ്രതിഷ്ഠ കഴിയുന്നതുവരെ ആചാര്യൻ, ക്ഷേത്രേശൻ, മേൽശാന്തി മുതലായ ക്ഷേത്ര സംബന്ധികൾ, ഭക്തർ തുടങ്ങിയവർ ഉപവസിക്കേണ്ടതാണ്. ആഹാര നിയന്ത്രണം കൊണ്ട് മനോനിയന്ത്രണം സാധിക്കുന്നു. ഉപാപചയങ്ങളിൽ നിന്നും മുക്തമായ ശരീരാദികളുടെ മുഴുവൻ ശക്തിയും മനസ്സിന് ഏകാഗ്രത നൽകുന്നു. ഈ കലശകാലത്ത് ശുദ്ധിയോടുകൂടിയ ജീവിത വൃത്തി സ്വീകരിക്കേണ്ടതാണ്.

## ബിംബശുദ്ധി കലശം

വൈകുന്നേരം പുണ്യാഹാനന്തരം, പ്രാസാദശുദ്ധി തുടങ്ങിയ ക്രിയകളെല്ലാം ചെയ്ത് ശുദ്ധി വരുത്തിയ ശേഷം ബിംബശുദ്ധി കലശം അഭിഷേകം ചെയ്യുന്നു. ഔഷധ ഗുണമേറിയ ചെടികൾ, പൂക്കൾ, മണ്ണുകൾ, മറ്റു ദ്രവ്യങ്ങൾ മുതലായവ ന്യാസിച്ച് നിറച്ചു പൂജിച്ച കലശങ്ങളാണിവ ഈ സമയത്ത് വിവിധതരം ക്രിയകളെ കൊണ്ട് സംശുദ്ധമാക്കിയ ബിംബത്തിൽ നേത്രോന്മീലനം ചെയ്യുന്നു.

## ധ്യാനാധിവാസം

ജീവകലശത്തിനും, ബിംബത്തിനും പ്രത്യേകം പ്രത്യേകമായി ധ്യാനാധിവാസം ചെയ്യുന്നു. യോഗശാസ്ത്ര പ്രതിപാദിതമായ പ്രാണായാമങ്ങളെക്കൊണ്ടും മനസ്സിന്റെ ധ്യാനങ്ങളെ കൊണ്ടും ദേവ ചൈതന്യത്തിൽ അവസ്ഥാന്തരങ്ങൾ സൃഷ്ടിക്കുന്നതു മൂലമാണ് ഇതിനെ ധ്യാനാധിവാസം എന്നു പറയുന്നത്. ആചാര്യൻ സ്നാനാന്തരം ബഹുവിധങ്ങളായ ന്യാസാദികളെക്കൊണ്ട് ദേഹശുദ്ധി ചെയ്ത് ഗുരുഗണപതി പൂജിച്ച് ധ്യാനാധിവാസം ആരംഭിക്കുന്നു. നാഡീസന്ധാനം ചെയ്ത് കലശാകാരമായിരിക്കുന്ന ജീവനെ പൂജിച്ച് തന്റെ ദ്വാദശാന്തത്തിൽ ചേർത്ത് ജീവകലശത്തിന് തത്ത്വ സംഖ്യാക്രമത്തിൽ സംഹാരാത്മകമായി പ്രാണായാമങ്ങൾ ചെയ്ത്, പഞ്ചഭൂതാത്മക ചൈതന്യത്തെ ഉപര്യുപരിയായ അവസ്ഥകളിലേക്ക് ചേർക്കുന്നു. അതായത് പൃഥ്വിയെ സ്വഗുണമായ ഗന്ധത്തോടെ ജലത്തിലും ജലത്തെ സ്വഗുണമായ രസത്തോടും കൂടി തേജസ്സിനെ സ്വഗുണമായ രൂപത്തോടു കൂടി വായുവിലും വായുവിനെ സ്വഗുണമായ സ്പർശത്തോടുകൂടി ശബ്ദൈക ഗുണമായ ആകാശത്തിലും സംഹരിക്കുന്നു. ആകാശത്തിനെ മനസ്സിലും, മനസ്സിനെ അഹങ്കാരത്തിലും, അഹങ്കാരത്തിനെ ബുദ്ധിയിലും ചേർത്ത് ബുദ്ധിയെ സത്വ രജ താമസാത്മകമായ ഗുണപ്രകൃതിയിൽ ലയിപ്പിക്കുന്നു. പരമാത്മാവിൽ സൃഷ്ടിക്കുഹേതുവായി സ്വയമേവയുള്ള, ക്രിയാജ്ഞാന ഇച്ഛാശക്തികളേയും സംഹരിക്കുന്നു. ചുരുക്കത്തിൽ ദേവനെ സത്തമാത്രമുള്ള ആനന്ദരൂപത്തിലേക്ക് നയിക്കുന്നു എന്ന് സാരം. ഈ അവസ്ഥയിൽ നിന്ന് ബിംബാകാംക്ഷ ഹേതുവായി ജീവൻ പുനഃസൃഷ്ടിക്കപ്പെടുന്നു. സൃഷ്ടിക്കായി കാരണജലം നിർമ്മിച്ച് അതിൽ ദേവാംശമായി അണ്ഡത്തെ കല്പിച്ച്, തന്നിലേക്ക് ചേർത്തിരിക്കുന്ന ദേവചൈതന്യത്തെ അണ്ഡത്തിൽ ചേർക്കുന്നു. ഗംവത്സരോഷിതനായി കല്പിച്ച അണ്ഡത്തെ ഭേദിച്ച മൂർത്തിയെ സൃഷ്ടിച്ച്, ശബ്ദാത്മകമായും തത്ത്വാത്മകമായും മന്ത്രാത്മകമായും ഉള്ള ശരീരത്തെ കല്പിച്ച് പൂജിക്കുന്നു. ഈ വിധമുള്ള ക്രിയകൾ ബിംബത്തിലും ചെയ്ത് ധ്യാനാധിവാസം പൂർത്തിയാക്കുന്നു. അധിവാസ ഹോമം ചെയ്ത ആചാര്യകുണ്ഡത്തിൽ ശാന്തി ഹോമം ചെയ്യുന്നു. ആ കുണ്ഡത്തിൽ പാൽപായസം വെച്ച് ജീവകലശത്തിനും, ബിംബത്തിനും മറ്റും നിവേദിക്കുന്നു. വൈശ്വഹോമം ചെയ്ത് ബ്രാഹ്മണർക്ക് കാൽ കഴുകിച്ചൂട്ടും നടത്തിയതിന് ശേഷം ശയ്യക്ക് ചുറ്റും ബലിതൂകുന്നു.

*With best compliments*

KR

TILES & SANITARY

# KR TILES AND SANITARY

**Opp. IOC Petrol Pump, Calicut Kalmandapam, Bye pass Road, Palakkad - 678001**
**Mob : 9744244456, Email : krtilesandsanitary@gmail.com**







Bell SANITARY WARES
Simpolo CERAMICS
AMBANI — AMBANI VITRIFIED PVT. LTD
Safari Glass wares
HillTOP CERAMIC
AMBANI DIGITAL WALL TILES
Eaglè CERAMICS
ALLIANCE VITRIFIED TILES
ARSON PORCELAIN TILES
Ambani QUARTZ
Belleza DIGITAL WALL TILES

## പ്രതിഷ്ഠ

രാവിലെ ജീവകലശത്തിൽ രക്ഷവിടർത്തി പൂജിച്ച് പ്രാസാദത്തെ പ്രതിഷ്ഠിക്കുന്നു. പിന്നെ ആചാര്യൻ നാന്ദീമുഖം പുണ്യാഹം ചെയ്ത് പ്രാണസ്വരൂപിയായ നപുംസകശില പ്രതിഷ്ഠ ചെയ്ത് അതിലെ ഒമ്പതു ഗർത്തങ്ങളിൽ ഒമ്പതു വിധേനയുള്ള രത്നങ്ങളേയും, ബീജങ്ങളേയും, ലോഹങ്ങളേയും ന്യാസിച്ച് അഷ്ടൈശ്വര്യങ്ങളേയും ധ്യാനിച്ച് പ്രണവസ്വരൂപമായി പൂജിക്കുന്നു. അതിന് ശേഷം പ്രകൃതി സ്വരൂപിയായ പീഠം പ്രതിഷ്ഠിച്ച് ശക്തിയെ ആവാഹിച്ച് പൂജിക്കുന്നു. ദേവ പ്രതിഷ്ഠക്ക്, വലിയ പാണികൊട്ടി ദേവതാഹ്വാനം ചെയ്ത്, ജീവകലശ  നിദ്രകലശകുംഭേശ കലശങ്ങളെ ശയ്യയിൽ നിന്ന് ഉദ്ധരിച്ച്, നീരാഞ്ജന കർക്കരിപുരസ്സരം വിവിധ വാദ്യഘോഷങ്ങളോടും വേദമന്ത്ര ജപത്തോടും കൂടി ശ്രീകോവിലിൽ എഴുന്നള്ളിച്ച് വെക്കുന്നു ബിംബത്തിന്റെ പരാവാഹനചെയ്ത് ബിംബംതേജോമയമാക്കി പൂജിക്കുന്നു. അവസ്ഥ പഞ്ചഗങ്ങളെ കൊണ്ട് ആവാഹിച്ച് ബിംബത്തിൽ മന്ത്രാവാഹനം ചെയ്ത് ബിംബത്തെ സകലവും വിരാടരൂപവുമാക്കി കല്പിച്ച് പൂജിച്ച് ബിംബപൂർത്തി വരുത്തുന്നു. വിശിഷ്ടരായ ബ്രാഹ്മണർക്ക് ദ്രവ്യ വസ്ത്ര താംബൂലാദികൾ ദാനം ചെയ്ത് സുമുഹൂർത്തത്തിൽ ബിംബം പുരഷാത്മകവും, ആകാശാത്മകവും, പീഠം ശക്ത്യാത്മകവും, പ്രകൃതാത്മകവുമായും ധ്യാനിച്ച് പ്രകൃതിപുരുഷന്മാരുടെ ഐക്യത്തെ കല്പ്പിച്ച് നിത്യവും വർദ്ധിച്ചു വരുന്ന ചൈതന്യ വിശേഷത്തോടുകൂടി പ്രളയാന്തം ലോകാനുഗ്രഹത്തിനായി, ഈ ഭഗവത് ചൈതന്യം ഇവിടെ നിലകൊള്ളണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ബിംബ പീഠനാളത്തിൽ പ്രതിഷ്ഠിക്കുന്നു. അതിന് ശേഷം അഷ്ടബന്ധം കൊണ്ട് ബിംബപീഠങ്ങളെ യോജിപ്പിക്കുന്നു. കുംഭേശ നിദ്ര കലശാഭിഷേകത്തിന് ശേഷം ജീവകലശം ചെയ്യുന്നു. തലേ ദിവസം ജീവോദ്വാസനത്തിയിലൂടെ കലശത്തിൽ യോജിപ്പിച്ച് അനേകം ക്രിയയിലൂടെ പരിശുദ്ധമാക്കിയ ദേവചൈതന്യം, കലശാഭിഷേകത്തോടുകൂടി ബിംബത്തിലേക്ക് ചേർക്കപ്പെടുന്നു. തുടർന്ന് പ്രാണാദിന്യാസങ്ങൾ ചെയ്ത് പായസം നിവേദിച്ച് പൂജിക്കുന്നു. വളരെയധികം നിവേദ്യങ്ങളോടു കൂടിയ പൂജാമദ്ധ്യത്തിൽ വൈശ്വഹോമം ചെയ്യുന്നു. പരിവാരങ്ങളുടെ സ്ഥാന കല്പനാർത്ഥം പ്രതിഷ്ഠബലി ചെയ്യുന്നു. പൂജാവസാനത്തിൽ ക്ഷേത്രേശൻ ആചാര്യന് സ്വർണ്ണദ്രവ്യം  താംബുല സഹിതം പ്രതിഷ്ഠാ ദക്ഷിണ ചെയ്ത് സന്തോഷിപ്പിക്കുന്നു. പ്രതിഷ്ഠ ജീവകലശാഭിഷേകം മുതലായ സന്ദർഭങ്ങളിൽ ദർശനം നടത്തുന്നതും പറ നിറയ്ക്കുന്നതും കാണിക്ക സമർപ്പണം ചെയ്യുന്നതും അത്യുത്തമമാകുന്നു.


മഹാഗണപതി


ശ്രീ മണപ്പുള്ളി
ഭഗവതി


മാരിയമ്മൻ


നാഗത്തറ


ഭൈരവർ


ക്ഷേത്രം മേൽശാന്തി
ശ്രീ സൂര്യ നാരായണൻ


ക്ഷേത്രം തന്ത്രി തെക്കേ അബ്ളി ഇല്ലത്തെ
ശ്രീ. വാസുദേവൻ നമ്പൂതിരി


THE PALAKKAD SERVICE CO-OPERATIVE BANK LTD
PALAKKAD SCB
പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ എഫ്. 1200
ജി.ബി. റോഡ്., പാലക്കാട് ഫോൺ : 0491 2547002, 2545907
പലിശ രഹിത കാർഷിക വായ്പ 1 ലക്ഷം രൂപവരെ
സ്വർണ്ണാഭരണ കാർഷിക വായ്പ 3 ലക്ഷം രൂപവരെ
വിവിധതരം കാർഷികേതര വായ്പകൾ
നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
മുതിർന്ന പൗരൻമാർക്ക് 8.75% പലിശ നൽകുന്നു
സ്വർണ്ണാഭരണ വായ്പ
(100 രൂപയ്ക്ക് പ്രതിമാസം 58 പൈസ മാത്രം)
പവന് 34000/- രൂപ വരെ
പലിശ വെറും 7%*
(കാർഷിക വായ്പകൾക്ക്)
8 പതിറ്റാണ്ടിന്റെ സേവന പാരമ്പര്യം
CLASS 1 SUPER GRADE / AUDIT CLASSIFICATION "A"
CORE BANKING / RTGS / NEFT / MOBILE BANKING
സി. ബാലൻ
പ്രസിഡന്റ്
ഫോൺ : 9447345888
Web: www.palakkadscb.com
E-mail: secretarypalakkadscb@gmail.com
എ.വി. കൃഷ്ണകുമാർ
സെക്രട്ടറി
ഫോൺ : 9446791117
ബ്രാഞ്ചുകൾ
മെയിൻബ്രാഞ്ച് ജി.ബി. റോഡ്, പാലക്കാട് ഫോൺ : 2547002
മരുതറോഡ് ബ്രാഞ്ച് കല്ലേപ്പുള്ളി ഫോൺ : 2527753
പിരായിരി ബ്രാഞ്ച് കൊടുന്തിരപ്പുള്ളി ഫോൺ : 2508652
ഫോൺ : 2573582
ഈവനിംഗ് & ഹോളിഡേ ബ്രാഞ്ച് ഫോൺ : 2535969
Near കോ-ഓപ്. കോളേജ് ഫോൺ : 2554515
കല്ലേക്കാട് ബ്രാഞ്ച് കല്ലേക്കാട് ഫോൺ : 2542202
വെണ്ണക്കര ബ്രാഞ്ച് തിരുനെല്ലായ് ഫോൺ : 2542003
നീതി മെഡിക്കൽ സ്റ്റോർ
പിരായിരി ബ്രാഞ്ച് ബിൽഡിംഗ്, കൊടുന്തിരപ്പുള്ളി,
പാലക്കാട്, ഫോൺ : 2508080

''സർവ്വമംഗള മാംഗല്ല്യേ
ശിവേ സർവ്വാർത്ഥ സാധികേ
ശരണ്യേ ത്രയംബകേ ഗൗരി
നാരായണീ നമോസ്തുതേ''

# കൊപ്പം ശ്രീ മണപ്പുള്ളി ഭഗവതി വേല

2024 ഫെബ്രുവരി 23 മുതൽ മാർച്ച് 1 വരെ
(1199 കുംഭമാസം 10 മുതൽ 17 വരെ)

## വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിക്കുന്നു.

ഭക്തജനങ്ങളെ,
ഈ വർഷത്തെ കൊപ്പം ശ്രീ മണപ്പുള്ളി ഭഗവതി വേല 2024 ഫെബ്രുവരി 23 മുതൽ മാർച്ച് 1 വരെ (1199 കുംഭം 10 മുതൽ 17 വരെ) ആഘോഷിക്കുന്നു. വേലാഘോഷങ്ങളിലും, പ്രത്യേക പൂജാവസരങ്ങളിലും എല്ലാവരും പങ്കെടുത്ത് ഈശ്വരാനുഗ്രഹം നേടുവാൻ നിങ്ങളേവരേയും പ്രീതി പൂർവ്വം ക്ഷണിക്കുന്നു.

ക്ഷേത്രാഭിവൃദ്ധിക്കായ് മുൻകാലങ്ങളിൽ നൽകിയ സഹായസഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

എന്ന്,
ക്ഷേത്ര കമ്മിറ്റി
ഉത്സവ കമ്മിറ്റി

സംഭാവനകൾ അയക്കേണ്ട വിലാസം

UPI ID : KOPPAMSRIMANAPPULLYBHAGAVATHY@SBI

SCAN & PAY

BRANCH NAME:
STATE BANK OF INDIA,
PUTHUR-PALAKKAD.

ACCOUNT NAME :
KOPPAM SRI MANAPPULLY
BHAGAVATHY
KSHETHRA KAMMITTI

ACCOUNT NUMBER :
41648663547

IFSC : SBIN0070723
MICR CODE : 678002910

SBI Pay
BHIM UPI

## ക്ഷേത്ര നവീകരണത്തിന് ദേവിക്ക് ആദ്യ ഗഡു സമർപ്പിച്ചവർ

1. കെ.കൃഷ്ണനുണ്ണി & രത്ന പ്രഭ.സി.കെ "പ്രഭ" കൊപ്പം
2. സി.കെ.ചന്ദ്രൻ, ചങ്ങരംകണ്ടത്ത് വീട് , കൊപ്പം
3. ശാന്തകുമാരി.സി, കൊപ്പം
4. അഡ്വ.ജി.അനന്തകൃഷ്ണൻ, ഗൗരിശങ്കർ അസോസിയേറ്റ്സ്
5. രാജാമണി W/o.Late.കേശവൻ, കുറുപ്പത്ത് വീട്, കൊപ്പം
6. എം.വി.ദിനേശ്, മന്ദത്ത്വീട്, കൊപ്പം
7. രാധാകൃഷ്ണൻ.പി, "ശ്രീലയം" മാണിയങ്കാട്
8. എം.ജവഹർരാജ്, പള്ളിക്കണ്ടത്ത് വീട്, കൊപ്പം
9. ജി.വിജയകുമാർ, "വൈഖരി", മാണിയങ്കാട്
10. പി.വി.രാജേഷ്, രാജേഷ് വിഹാർ, മാണിയങ്കാട്
11. ആർ.കെ.പ്രകാശ്, മാണിയങ്കാട്
12. എസ്.സജു,S/o.Late.സഹദേവൻ മാണിയങ്കാട്
13. കെ.ലക്ഷ്മണൻ, മാണിയങ്കാട്, കൊപ്പം
14. ജഗൻ ശിവദാസ്, ചങ്ങരംകണ്ടത്ത് വീട് , കൊപ്പം
15. എസ്.പ്രമോദ്, മാണിയങ്കാട് , കൊപ്പം
16. ഡോ.രാധാകൃഷ്ണൻ, ഹരിശങ്കർ റോഡ്, കൊപ്പം
17. കെ.ജയനാരായണൻ, മാണിയങ്കാട് ,കൊപ്പം
18. ഓമന W/o.Late ഭാസ്ക്കരൻ, മാണിയങ്കാട്
19. സി.കെ.രാധാകൃഷ്ണൻ, ചങ്ങരംകണ്ടത്ത് വീട് , കൊപ്പം
20. സി.കെ.കേശവൻ, ചങ്ങരംകണ്ടത്ത് വീട്, കൊപ്പം
21. സി.എ.മണി, ചങ്ങരംകണ്ടത്ത് വീട്, കൊപ്പം
22. കെ.സുബ്രഹ്മണ്യൻ, "ശ്രീരാഗം" ഹരിശങ്കർ റോഡ്, കൊപ്പം
23. ബി.ശ്രീകുമാർ, ചങ്ങരംകണ്ടത്ത് വീട്, കൊപ്പം
24. വി.സുകുമാരൻ & സ്വയംപ്രഭ, മന്ദത്ത് വീട്,
25. ശശികുമാർ & സുമിത്ര, മാണിയങ്കാട്, കൊപ്പം
26. സി.സുകുമാരൻ, വേമ്പാടി വീട്, കൊപ്പം
27. വിജയകുമാർ പാടത്ത്പുര, കൊപ്പം
28. ഡോ.രാജീവ് & ഫാമിലി, Luxe Garden, കൊപ്പം
29. ആഡ്വ.ബാലചന്ദ്രൻ, കൊപ്പം
30. ഡി.അരുൺകുമാർ, മാണിയങ്കാട് , കൊപ്പം
31. എം.സുകേഷ് "ലക്ഷ്യ", മാണിയങ്കാട് ,കൊപ്പം
32. ഡോ.ജയകൃഷ്ണൻ "ദിൽകുഷ് "കൊപ്പം
33. ടി.പി.ഹരിദാസ് & ഫാമിലി മാണിയങ്കാട് , കൊപ്പം
34. കെ.സുരേന്ദ്രൻ, മാണിയങ്കാട്, കൊപ്പം





# നവീകരണ ശേഷമുള്ള ക്ഷേത്രത്തിന്റെ മാതൃക





## ക്ഷേത്രകമ്മിറ്റി ഭാരവാഹികൾ

പ്രസിഡന്റ് :
**ജി.വിജയകുമാർ**

വൈസ്.പ്രസിഡന്റ് :
**എം.വി.ദിനേഷ്**

സെക്രട്ടറി:
**K.ജയനാരായണൻ**

ജോ.സെക്രട്ടറി:
**കെ.കൃഷ്ണനുണ്ണി**

ട്രഷറർ:
**എം.ജവഹർരാജ്**

ജോ.ട്രഷറർ:
**രാധാകൃഷ്ണൻ.പി**

## രക്ഷാധികാരികൾ

**വി.സുകുമാരൻ, എ.ജയപാലൻ, P.V.രാജേഷ്, സി.എ.ശിവദാസ്**

## എക്സിക്യൂട്ടീവ് അംഗങ്ങൾ

പ്രമോദ്.എസ് , ദിനേശ്.ഡി , രാജേഷ്.എം.വി, സുകുമാരൻ.സി , അരവിന്ദാക്ഷൻ.ആർ, ദിനേന്ദ്രൻ.കെ.കെ,അനന്തകൃഷ്ണൻ.ജി, ഗിരീഷ് .കെ , രാധാകൃഷ്ണൻ.വി , പ്രദീപ്.എ , ലക്ഷ്മണൻ, സിദ്ധാർത്ഥൻ.എം.കെ, കനകദാസ്.എം.വി , ബൈജു.എം , മുരുകൻ.ജി , സുന്ദരൻ.സി , സ്വാമിനാഥൻ.എം , കെ.സുബ്രഹ്മണ്യൻ, ആർകെ.പ്രകാശ്, പ്രസീദ്.എ

trinity
SUPER SPECIALITY
EYE HOSPITAL



നല്ല കാഴ്ചയുടെ
25 വർഷങ്ങൾ

**ചികിത്സ വിഭാഗങ്ങൾ**

- തിമിര ശസ്ത്രക്രിയ
- വിട്രിയോ റെറ്റിന
- കോർണിയ & ICL
- ഗ്ലോക്കോമ
- കോൺടൂറ ലാസിക്
- ന്യൂറോ ഒഫ്താൽമോളജി
- ഓർബിറ്റ് & ഒക്കുലോപ്ലാസ്റ്റി
- പീഡിയാട്രിക് ഒഫ്താൽമോളജി
- ജനറൽ ഒഫ്താൽമോളജി
- ഫർമസി & ഓപ്ടിക്കൽസ്

**Trinity Super Speciality Eye Hospital**

**1800-42 55 77 99**

മണലി ജംക്ഷൻ പാലക്കാട്

info@trinityeye.in | www.trinityeyehospital.com

PALAKKAD | KOZHIKODE | THRISSUR | COIMBATORE
TIRUR | ALATHUR | NEMMARA

# കാര്യപരിപാടികൾ


## 23.2.2024
## വെള്ളിയാഴ്ച

| | | |
|---|---|---|
| പുലർച്ചെ | 4 ന് | : ഗണപതിഹോമം |
| | 5 ന് | : ഈടുവെടി |
| കാലത്ത് | 6 ന് | : ഉഷഃപൂജ |
| | 9.30 ന് | : ഉച്ചപൂജ |
| വൈകിട്ട് | 5.00ന് | : **ആദ്ധ്യാത്മിക പ്രഭാഷണം** |
| | | "ഭഗവത്ഗീതയിലെ കർമ്മയോഗം" |
| ആചാര്യൻ | | : സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി<br>സ്വാമി ദയാനന്ദാശ്രമം |
| | 6.15 ന് | : ദീപാരാധന |
| | 6.45 ന് | : ഭഗവത്സേവ |
| | 7 ന് | : അത്താഴപൂജ |
| വൈകിട്ട് | 6.30ന് | : **ഓട്ടൻതുള്ളൽ** |
| കഥ | | : കല്ല്യാണ സൗഗന്ധികം |
| അവതരണം | | : തുള്ളൽ കലാശ്രീ രാജേഷ്<br>കുഞ്ചൻ സ്മാരകവും സംഘവും |
| | 8.00ന് | : **ഡബിൾ തായമ്പക** |
| അവതരണം | | : കലാമണ്ഡലം രാഹുൽ ദാസും<br>കലാമണ്ഡലം ആദിത്യനും സംഘവും |



## 24.2.2024
## ശനിയാഴ്ച

| | | |
|---|---|---|
| പുലർച്ചെ | 4 ന് | : ഗണപതിഹോമം |
| | 5 ന് | : ഈടുവെടി |
| കാലത്ത് | 6 ന് | : ഉഷഃപൂജ |
| | 9.30 ന് | : ഉച്ചപൂജ |
| വൈകിട്ട് | 5.00ന് | : **ആദ്ധ്യാത്മിക പ്രഭാഷണം** |
| | | "ഭഗവത്ഗീതയിലെ കർമ്മയോഗം" |
| ആചാര്യൻ | | : സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി<br>സ്വാമി ദയാനന്ദാശ്രമം |
| | 6.15 ന് | : ദീപാരാധന |
| | 6.45 ന് | : ഭഗവത്സേവ |
| | 7 ന് | : അത്താഴപൂജ |



# MINDFUL FOR Happy life

**Happiness to ALL**

MINDFULNESS MASTER ANURUDHAN DEVADAS



## ANURUDHAN D

Founder & Mindfulness Mentor

Corporate Mindfulness Training

MINDFUL FOR HAPPY LIFE

Scan this to download our App



#39, NGEF Lane, 2nd Floor, Suite No.112, Indiranagar, Bangalore, Karnataka, India 560 038.

No.14, 2nd Floor, NS Tower, Mettupalayam Road, Palakkad, Kerala - 678001, India

Email: Mindfulforhappylife@gmail.com

Website : www.mindfulforhappylife.com

**Phone : 080-25043065**

**Mob: +9195625 16030 | +91 73566 21064**

**26.2.2024**
**തിങ്കളാഴ്ച**

| | | |
|---|---|---|
| പുലർച്ചെ | 4 ന് | : ഗണപതിഹോമം |
| | 5 ന് | : ഈടുവെടി |
| കാലത്ത് | 6 ന് | : ഉഷഃപൂജ |
| | 9.30 ന് | : ഉച്ചപൂജ |
| വൈകിട്ട് | 5.00ന് | : **ആദ്ധ്യാത്മിക പ്രഭാഷണം**<br>"ഭഗവത്ഗീതയിലെ കർമ്മയോഗം" |
| ആചാര്യൻ | | : സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി<br>സ്വാമി ദയാനന്ദാശ്രമം |
| | 6.15 ന് | : ദീപാരാധന |
| | 6.45 ന് | : ഭഗവത്സേവ |
| | 7 ന് | : അത്താഴപൂജ |
| വൈകിട്ട് | 6.30ന് | : **ദേശവാസികളുടെ വിവിധ കലാപരിപാടികൾ** |



**27.2.2024**
**ചൊവ്വാഴ്ച**

| | | |
|---|---|---|
| പുലർച്ചെ | 4 ന് | : ഗണപതിഹോമം |
| | 5 ന് | : ഈടുവെടി |
| കാലത്ത് | 6 ന് | : ഉഷഃപൂജ |
| | 9.30 ന് | : ഉച്ചപൂജ |
| വൈകിട്ട് | 5.00ന് | : **ആദ്ധ്യാത്മിക പ്രഭാഷണം**<br>"ഭഗവത്ഗീതയിലെ കർമ്മയോഗം" |
| ആചാര്യൻ | | : സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി<br>സ്വാമി ദയാനന്ദാശ്രമം |
| | 6.15 ന് | : ദീപാരാധന |
| | 6.45 ന് | : ഭഗവത്സേവ |
| | 7 ന് | : അത്താഴപൂജ |
| വൈകിട്ട് | 6.30ന് | : **ഗാനമേള** |
| അവതരണം | | : ഋതുസ്വര മ്യൂസിക്കൽ ബാന്റ് |
| നയിക്കുന്നത് | | : റിമിത അഭിരാഷ് |





**ഉത്സവനാളുകളിൽ**
**സോപാന സംഗീതത്തോടുകൂടി ഉച്ചപൂജ**
അവതരണം : ശ്രീമതി. താര പ്രവീൺ

AGNI

## കരുത്തിന്റെ പുതിയ അധ്യായം

# AGNI 550D

MORE STRENGTH

ഭൂചലനത്തെ താങ്ങാവുന്ന
കൂടുതൽ ശേഷി

MORE FLEXIBLE

മികച്ച ദൃഢതയോടെ കൂടുതൽ
വളയുവാനുള്ള ശേഷി

MORE RELIABLE

മികവുറ്റ രൂപകല്പന കോൺക്രീറ്റുമായി
മികച്ച സംയോജനം

ദൃഢതയുള്ള കെട്ടിടങ്ങളുടെ ദീർഘകാല നിലനിൽപ്പിന് നിയന്ത്രിതമായ സൾഫർ & ഫോസ്ഫറസ്

IS : 1786 | IS : 2830 | IS : 14650

നിലവിലുള്ള 12.20 മീറ്റർ (40 അടി) നീളത്തിൽ മാത്രമല്ലാതെ 13.72 മീറ്റർ, 15.24 മീറ്റർ 16.76 മീറ്റർ, 18.29 മീറ്റർ കൂടാതെ 20.06 മീറ്റർ എന്നീ നീളങ്ങളിൽ (45, 50, 55, 60, 65 അടി നീളത്തിൽ) ആവശ്യാനുസൃതം ചോദിച്ചു വാങ്ങുവിൻ.

DEALER IRON & STEEL

# R. B. Agencies

17/21, Co-operative Marketing Society Building,
Chittur Road, Palakkd - 678 013.

☎: 2528333, 2520333

കരുത്തിന്റെ പുതിയ അധ്യായം

## അഗ്നി 550 D കമ്പികൾ

SPONGE IRON | BILLETS | TMT RODS

കെട്ടിടനിർമ്മാണത്തിന് ആവശ്യമായ നല്ലയിനം കമ്പികൾക്ക് സമീപിക്കുക.



വൈകിട്ട് 6.30ന് : ശ്രീമതി.അതുല്യ രാകേഷ്
നയിക്കുന്ന രംഗശ്രീ
നൃത്ത കളരിയിലെ വിദ്യാർത്ഥികൾ
അവതരിപ്പിക്കുന്ന **ഭരതനാട്യം**

8.30ന് : സൃഷ്ടി സ്കൂൾ ഓഫ് ആർട്സ് അവതരിപ്പിക്കുന്ന

**നൃത്തനൃത്ത്യങ്ങൾ**

അവതരണം : കലാമണ്ഡലം ശരണ്യ പ്രേമദാസ്



## 25.2.2024
## ഞായറാഴ്ച

പുലർച്ചെ 4 ന് : ഗണപതിഹോമം
5 ന് : ഈടുവെടി
കാലത്ത് 6 ന് : ഉഷഃപൂജ
9.30 ന് : ഉച്ചപൂജ

വൈകിട്ട് 5.00ന് : **ആദ്ധ്യാത്മിക പ്രഭാഷണം**
"ഭഗവത്ഗീതയിലെ കർമ്മയോഗം"
ആചാര്യൻ : സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി
സ്വാമി ദയാനന്ദാശ്രമം

6.15 ന് : ദീപാരാധന
6.45 ന് : ഭഗവത്സേവ
7 ന് : അത്താഴപൂജ



വൈകിട്ട് 6.30ന് : ശ്രീമതി.സുനിത നെടുങ്ങാടി
അവതരിപ്പിക്കുന്ന

**ഭക്തിഗാനസുധ**

സമർപ്പണം : കനറാ ബാങ്ക്, പാലക്കാട്
8.00ന് : ദേശവാസികളുടെ വിവിധ കലാപരിപാടികൾ


ROYHLE
Connect With Our Expert Team
ENROLL NOW!!
PM US @ Royhle Aviation Philippines FB page
royhleaviationphilippines@gmail.com
Royhle Aviation Academy currently holds the biggest hangar in Dumaguete Airport. We are equipped with most modern safety equipment's, maintenance gear, tools, power machinery and houses our full motion simulator. We also house a student lounge, briefing rooms and staff rooms for our crew and students. The flight dispatch room is equipped with state of the art equipment's, pilot gear and instruments to ensure that you get the best training.
ROYHLE AVIATION ACADEMY INC.
SOAR ABOVE THE WORLD
